ത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ്, അതിന്റെ സ്ഥലമെടുപ്പ് (റവന്യൂ മന്ത്രി) സ്റ്റേ ചെയ്തതുകൊണ്ട് അഞ്ചു വർഷത്തോളം കിടന്നു. പുതിയ ഗവൺമെന്റ് വന്നതിനുശേഷം റവന്യൂ മന്ത്രി സ്റ്റേ ഉത്തരവ് പിൻവലിച്ച് ലാന്റ് അക്വിസിഷൻ നടപടികൾ മുന്നോട്ടുപോയി അതിന്റെ വില നിശ്ചയിച്ച് അതി നാവശ്യമായ തുകയും അടച്ചതിനുശേഷം വസ്തു ഉടമസ്ഥൻ പോയി ഹൈക്കോടതിയിൽ നിന്ന് സ്റ്റേ വാങ്ങി ഇപ്പോൾ ഒന്നര വർഷത്തോളമായി. ഏതായാലും ആ സ്റ്റേ ഒഴിവാക്കി സ്ഥലം ഏറ്റെടുക്കുന്നതിനോ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് പോകുന്നതിനോ ഇപ്പോഴും ഇല ക്ട്രിസിറ്റി ബോർഡ് വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല എന്നുള്ളത് ബഹു.മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കുട്ടനാ ട്ടിലെ ആകെ പ്രശ്നം എന്നുള്ള നിലയിലും, പുതുതായി അനുവദിച്ചിട്ടുള്ള കിടങ്ങറ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം നടത്തണമെങ്കിലും ഈ 110 കെ വി. സബ്സ്റ്റേഷൻ വന്നാൽ മാത്രമേ കഴിയൂ. അതുകൊണ്ട് കുട്ടനാടൻ മേഖലയിലെ ആകെ വൈദ്യുതി വിതരണത്തെ ബാധിക്കുന്ന സുപ്രധാന പ്രശ്നം എന്നുള്ളനിലയിൽ എടത്വാ സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ഇപ്പോ ഴുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ഏറ്റവുംവേഗം നിർമ്മാണം പൂർത്തീകരിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, എടത്വാ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 934 ലക്ഷം രൂപയുടെ എസ്റ്റി മേറ്റിന് 1998 ഏപ്രിൽ മാസം ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സബ്സ്റ്റേഷനുവേണ്ടി കുട്ടനാട് താലൂക്കിൽ എടത്വാ വില്ലേജിൽ 1.6678 ഹെക്ടർ സ്ഥലം അക്വയർ ചെയ്യാൻ ഗവൺമെന്റ് ഉത്തരവ് ലഭിച്ചതനുസരിച്ച് 13,80,000 രൂപ 26-07-99-ൽ ഡിസ്ട്രിക്ട് ട്രഷറിയിൽ ബോർഡ് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥലമെടുക്കുന്ന നടപടികൾ ശ്രീമതി സാറാമ്മ ചാക്കോ, ശ്രീ സക്കറിയാ തോമസ് എന്നിവർ ഫയൽ ചെയ്ത കേസ്സിനുമേൽ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. തടസ്സം നീക്കാൻ വേണ്ട നടപടി കൾ സ്വീകരിച്ചുവരുന്നു. ഇവിടെ ബഹു. അംഗം ആവശ്യപ്പെട്ടതു പോലെ ഹൈക്കോടതിയിലെ സ്റ്റേ വെക്കേറ്റ് ചെയ്യിക്കുന്നതിന് പ്രത്യേകം മുൻകൈ എടുത്തുകൊണ്ടും, എമർജൻസി ക്ലാസ് ഇൻവോക് ചെയ്ത് സ്ഥലം ഏറ്റെടു ത്തുകൊണ്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ബോർഡിന് ഗവൺമെന്റ് പ്രത്യേകം നിർദ്ദേശം നൽകുന്നതാണ്.

(8) നിർമ്മാണ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

[11 A.M.]

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്ത് എട്ടു ലക്ഷത്തിലേറെ വരുന്ന നിർമ്മാണത്തൊഴിലാളികൾ, നിർമ്മാ ണത്തൊഴിലാളി ക്ഷേമനിധി ബോർഡ്, ഇപ്പോൾ ഒരു അഖി ലേന്ത്യാ നിയമംമൂലം ഈ തൊഴിലാളികൾക്ക് ബാധകമാക്കിയിട്ടുള്ള അഖി ലേന്ത്യാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡായി രൂപാന്തരപ്പെടുകയും, ആദ്യത്തെ ക്ഷേമനിധി ബോർഡിൽ രജി സ്റ്റർ ചെയ്തിരുന്ന ഈ തൊഴിലാളികൾ ഇപ്പോൾ പുതിയ ബോർഡിൽ രജി സ്റ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. നിരവധി ആനുകൂല്യങ്ങൾ അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ ഈ ഡിപ്പാർട്ടുമെന്റ് ബന്ധപ്പെട്ട ആനുകൂല്യം വർദ്ധിപ്പിച്ചതിന് അനുസരിച്ച് ചില ഓർഡറുകൾ ഇറക്കാത്തതുകൊണ്ടും ചില തീരുമാനം എടുക്കാത്തതുകൊണ്ടും പൂർണ്ണമായ ഗുണഫലം തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. അതിനാവശ്യമായ തീരുമാനങ്ങൾ ഉണ്ടാക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്. ഇപ്പോൾ കേന്ദ്ര ആക്ട് വന്നതിനുശേഷം സംസ്ഥാനത്ത് ഉണ്ടാക്കിയ തീരുമാനമനുസരിച്ച് ഒരുലക്ഷത്തിലധികം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികളോ വ്യവസായ സ്ഥാപനങ്ങളോ അംശദായം അടയ്ക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര നിയമം വന്നപ്പോൾ അത് 10 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. അതും ഈ തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതുപോലെതന്നെ ഇവരുടെ ഐഡന്റിറ്റി കാർഡുകൾ പാസ് ബുക്ക് ഇവ നൽകുന്നതിന് ആവശ്യമായ വിധത്തിൽ സ്റ്റാഫ് ഇല്ലാത്ത പ്രശ്നം ക്ഷേമനിധി ബോർഡിൽ നിലനിൽക്കുന്നു. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ആവശ്യമായ തീരുമാനമുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, നിർമ്മാണതൊഴിലാളികൾക്കുവേണ്ടി 1998-ൽ കേന്ദ്രനിയമമനുസരിച്ച് നിലവിൽവന്ന കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അംഗങ്ങളായിട്ടുള്ളവരെയും ഈ ബോർഡ് നിലവിൽ വരുന്നതിനുമുമ്പ് 1990 മുതൽ പ്രവർത്തിച്ചുവന്ന കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിരുന്നവരെയും ഒരേപോലെ കണക്കാക്കിയാണ് ആനുകൂല്യങ്ങൾ നൽകിവരുന്നത്. പുതിയ ബോർഡ് നിലവിൽ വന്നതോടുകൂടി പഴയ ബോർഡിന്റെ അംഗങ്ങളെ പുതിയ ബോർഡിലെ അംഗങ്ങളായി കരുതിവരുന്നു. കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് നൽകിവരുന്ന ആനുകൂല്യങ്ങൾക്കെല്ലാം പഴയ ബോർഡിലെയും പുതിയ ബോർഡിലെയും അംഗങ്ങൾക്ക് ഒരുപോലെ അവകാശമുണ്ട്. തൊഴിലാളികളുടെ അംഗത്വ രജിസ്ട്രേഷൻ നടപടികൾ ജില്ലാബോർഡിന്റെ ജില്ലാ ഓഫീസുവഴി നടത്തിവരുന്നുണ്ട്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് അവർക്ക് ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡും അംശദായം അടയ്ക്കുന്നതിനുള്ള പാസ്ബുക്കും അപ്പോൾതന്നെ വിതരണം ചെയ്യുന്നുണ്ട്. അംഗമായ തൊഴിലാളി നേരിട്ടു ഹാജരായി തിരിച്ചറിയൽ കാർഡ് വാങ്ങണമെന്ന വ്യവസ്ഥ കർശനമായി പാലിക്കപ്പെടുന്നുണ്ട്. ആനുകൂല്യങ്ങൾക്കായി ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന ആർക്കും നാൽപ്പത്തിയഞ്ചു ദിവസങ്ങൾക്കകം ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. അപാകതകൾ ഉള്ളതും തർക്കങ്ങളും പരാതികളും ഉള്ളതുമായ അപേക്ഷകൾ ജില്ലാ തലത്തിൽ ചെയർമാനും സെക്രട്ടറിയും അദാലത്ത് നടത്തി പരിഹരിച്ചുവരുന്നു. 1998-ലെ കേരള ചട്ടങ്ങളിൽ മുമ്പ് നിലവിലുണ്ടായിരുന്ന പല ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. പുതിയ ബോർഡ് നിലവിൽ വന്നതിനുശേഷം പെൻഷൻ, പ്രസവകാല ധനസഹായം, വിവാഹ ധനസഹായം, ജോലി സ്ഥലത്തുവച്ച് ഉണ്ടാകുന്ന അപകടമരണത്തിന് നൽകുന്ന സഹായധനം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ബോർഡിന്റെ തീരുമാനം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ വർദ്ധനവിന് അനുമതി നൽകുന്ന മുറയ്ക്ക് എല്ലാ അംഗങ്ങൾക്കും ഇതിന്റെ ഗുണം ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly